**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350 — 15.03.2018 -ൽ മറുപടിക്ക്

## പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഏതൊക്കെ പൈതൃക ടൂറിസം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | എ) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള പൈതൃക ടൂറിസം പദ്ധതികൾ.<br>1. മുസിരിസ് പൈതൃക പദ്ധതി.<br>2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി.<br>3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി എന്നിവയാണ്.<br>ഇതിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ DPR തയ്യാറാക്കി വരുന്നു. |
| ബി) പൈതൃക ടൂറിസം വികസന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഏതെല്ലാം വിനോദ സഞ്ചാര വികസന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്; | ബി) പൈതൃക ടൂറിസം വികസന പദ്ധതികൾക്ക് സർക്കാരിൽ നിന്നും നിലവിൽ സഹായം ആവശ്യപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന വിനോദസഞ്ചാര പദ്ധതികൾക്ക് കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.<br>I. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ<br>എ. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)<br>ബി. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം<br>II. ' പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി " ഗുരുവായൂർ ക്ഷേത്ര വികസനം " |

| | |
|---|---|
| സി) സാംസ്കാരിക-പൈതൃക ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ടൂർ പാക്കേജ് ആവിഷ്കരിക്കുമോ; നിലവിൽ കെ.റ്റി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള ടൂർ പാക്കേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) സാധ്യത പരിശോധിക്കാവുന്നതാണ്.<br>കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ ബസ് ടൂർ പദ്ധതി ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സർവ്വീസ് നടത്തുന്നത്. 24 സീറ്റുകളുള്ള മൂന്ന് ആഡംബര ബസ്സുകളിൽ 2 എണ്ണം തിരുവനന്തപുരത്തും ഒന്ന് കൊച്ചിയിലുമാണ് ടൂറുകൾ നടത്തുന്നത്.<br>തിരുവനന്തപുരത്തു നിന്നും കന്യാകുമാരിയിലേയ്ക്കും, ടെക്നോപാർക്കിൽ നിന്നും പൊന്മുടിയിലേയ്ക്കും, തിരുവനന്തപുരം - കോട്ടൂർ, നെയ്യാർ, കോവളം എന്നീ സ്ഥലങ്ങളിലേയ്ക്കുമാണ് തിരുവനന്തപുരത്തെ ബസ് ടൂർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിൽ നിന്നും തൃപ്പൂണിത്തുറ മ്യൂസിയം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ചെറായി ബീച്ച് എന്നിവിടങ്ങൾ ഉൾപ്പെടുത്തിയ ടൂറുമാണുള്ളത്. |

സെക്ഷൻ ഓഫീസർ